**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 333** **22-02-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷനിലെ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും വിഹിതം കണ്ടെത്തുന്നതിനുള്ള വിശദ മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷൻ അതോറിറ്റി നൽകുന്ന DPR/DER ന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും വിഹിതം കണക്കാക്കുന്നത്. |
| (ബി) | സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പഞ്ചായത്തുകളെയും ഗുണഭോക്താക്കളെയും വിഹിതം നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10-08-2020 ലെ സ.ഉ(സാധാ) നം.4584/2020/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു). |

സെക്ഷൻ ഓഫീസർ